<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 367</u> | <u>01-02-2023 - ൽ മറുപടിയ്ക്ക്</u>

<u>ലൈഫ് ഭവന പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | **1) ലൈഫ് 2020 ഗുണഭോക്തൃ പട്ടിക അന്തിമമാക്കി.**<br><br>ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച 9,20,260 അപേക്ഷകളിൻമേൽ അർഹതാ പരിശോധനയും പുന:പരിശോധനയും ഒന്നുംരണ്ടും ഘട്ട അപ്പീലുകൾക്കും ശേഷം ഗ്രാമസഭ/വാർഡ് സഭകളു ടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാര ത്തോടുംകൂടി പട്ടികഅന്തിമമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2022ആഗസ്റ്റ് 16-ന് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചു.<br><br>**2)ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടവർക്ക് ആനുകൂല്യം നൽകി തുടങ്ങി.**<br><br>സർക്കാരിന്റെ 15.11.22-ലെ സ.ഉ. (സാധാ) നം. 2806/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിനും 15.11.2022-ലെ സ.ഉ. (സാധാ) നം. 2807/ 2022/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താ ക്കളേയും കരാർ വയ്ക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പ്രസ്തുത ഗുണഭോക്താക്കൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കരാർ വയ്ക്കുന്നതിനുള്ള നടപടി പുരോഗമി ക്കുന്നു. നിലവിൽ ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 12,845 ഗുണഭോ ക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെ ട്ടിട്ടുണ്ട്. |

**3.'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ**

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ഭൂമി കണ്ടെത്തുന്നതിന് ലൈഫ് മിഷൻ ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി ഇതുവരെ 23.49 ഏക്കർ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുണ്ട്/ വാഗ്ദാനം ചെയ്യപ്പെ ട്ടിട്ടുണ്ട്.

**(4)ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി**

ലൈഫ് മിഷൻ അനേർട്ടുമായി കൈകോർത്ത് കൊണ്ട് ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച 500 വീടുകളെ സൗജന്യ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യമായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതിയും അധിക വരുമാനവും ലഭ്യമാകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി. സംസ്ഥാന സർക്കാർ ഏജൻസിയായ അനെർട്ടിന്റെ 'ഹരിത ഊർജ്ജ വരുമാന പദ്ധതി' യിൽ ഉൾപ്പെടുത്തിയാണ് ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി നടപ്പിലാക്കി വരുന്നത്. പ്രതിദിനം ശരാശരി 8 യൂണിറ്റ് വരെ ഉത്പാദിപ്പിക്കാനുള്ള 2 കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകളാണ് ഓരോ വീടുകളിലും സ്ഥാപിക്കുന്നത്. ഏകദേശം ഒരു പ്ലാന്റിന് 1.35 ലക്ഷമാണ് ചെലവ് വരുന്നത്. ലൈഫ് പദ്ധതിയിൽ നിർമാണം പൂർത്തിയായതും KSEB വൈദ്യുതി കണക്ഷൻ ലഭ്യമായതുമായ 500 ഭവനങ്ങളാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സൗരോർജ്ജ പ്ലാന്റുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി പൂർണമായും ഭവനങ്ങളിൽ ഉപയോഗിക്കാൻ സാധിക്കുന്ന തോടൊപ്പം തന്നെ അധികം വരുന്ന വൈദ്യുതി KSEB ക്ക് നൽകി വരുമാനം നേടാൻ സാധിക്കും. ശരാശരി പ്രതിമാസം 100 യൂണിറ്റ് ഉപയോഗമുള്ള വീടുകളിൽ ഈ പദ്ധതി മുഖേന പ്രതിവർഷം ശരാശരി 1200 യൂണിറ്റ് മിച്ചം വരാവുന്നതും ഇപ്രകാരം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗുണഭോക്താക്കൾക്ക് അധിക വൈദ്യുതി KSEB നൽകുന്നത് വഴി പ്രതിവർഷം 4,000 രൂപ വരെ വരുമാനവും പ്രതീക്ഷിക്കുന്നു. ഇതിനു പുറമേ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് ഇൻഡക്ഷൻ സ്റ്റൗവ് കൂടി ലഭ്യമാക്കുന്നുണ്ട്.

**5) ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി**

| | | | |
|---|---|---|---|
| | | | കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിൻപ്രകാരം 164 ഗുണഭോക്താക്കൾക്ക് ഇതിനോടകം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഭൂമി കണ്ടെത്തിയ 54 ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. ബാക്കി ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**(6) ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കളുടെ കരാർ വയ്ക്കൽ ഊർജ്ജിതപ്പെടുത്തി.**<br><br>2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിലും 2019-ലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് അഡീഷണൽ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കളിൽ കരാർ വയ്ക്കാൻ അവശേഷിച്ച ഗുണഭോക്താക്കളുടെ കരാർ വയ്ക്കൽ ഊർജ്ജിതപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br><br>**(7)ഭവനസമുച്ചയ നിർമ്മാണ പുരോഗതി**<br><br>ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായുള്ള 29 ഭവനസമുച്ചയങ്ങളിൽ 4 ഭവനസമു ച്ചയങ്ങളുടെ നിർമ്മാണം പൂർത്തീക രിച്ചിട്ടുണ്ട്. |
| (ബി) | രണ്ടാംഘട്ടം ലൈഫ് ഭവന പദ്ധതിയിൽ മാവേലിക്കര മണ്ഡലത്തിലെ വിവിധ പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl no. | Name | Status (Grama panchayat/ Municipality) | Homeless | Landless | Total Eligible |
|---|---|---|---|---|---|
| 1 | Mavelikkara | Municipality | 58 | 132 | 190 |
| 2 | Chunakkara | Grama panchayat | 265 | 80 | 345 |
| 3 | Mavelikkara-Thekkekara | Grama panchayat | 296 | 135 | 431 |
| 4 | Mavelikara-Thamarakkulam | Grama panchayat | 331 | 106 | 437 |
| 5 | Nooranad | Grama panchayat | 281 | 84 | 365 |
| 6 | Palamel | Grama panchayat | 429 | 115 | 544 |
| 7 | Thazhakkara | Grama panchayat | 420 | 197 | 617 |
| 8 | Vallikunnam | Grama panchayat | 340 | 123 | 463 |
| **Total** | | | **2420** | **972** | **3392** |